പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 342 — 10.12.2012 ൽ മറുപടിക്ക്

## കോഴിക്കോട് വിമാനത്താവളം വഴിയുള്ള യാത്രക്കാർക്കെതിരെയുള്ള കേസുകൾ

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | പാസ്പോർട്ടിലെ തെറ്റുകൾ കാരണം, കോഴിക്കോട് വിമാനത്താവളം വഴി യാത്രചെയ്ത എത്രപേരുടെ പേരിൽ ഈ വർഷം (2012) കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | 122 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (ബി) | ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തു; എത്ര പേരെ റിമാന്റ് ചെയ്തിട്ടുണ്ട്; | (ബി) | 122 പേരെ അറസ്റ്റ് ചെയ്തു. 122 പേരെ റിമാന്റ് ചെയ്തു. |
| (സി) | മറ്റ് വിമാനത്താവളങ്ങളിൽ നിന്നും വ്യത്യസ്തമായി കോഴിക്കോട് വിമാനത്താവളത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചതായ പരാതി ഉയർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | ഉണ്ട്. പാസ്പോർട്ടിൽ ജനന തീയതി മാറ്റം വരുത്തിയതു കൊണ്ട് പാസ്പോർട്ട് ആക്ട് 12 (1) (ബി) (ഡി) യ്ക്കു പുറമെ വ്യാജരേഖ നിർമ്മിച്ചു 419, 420, 768, 471 ഐ.പി.സി. എന്നീ ബന്ധമില്ലാത്ത വകുപ്പുകൾ കൂടി ചേർത്ത് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നു എന്നതാണ് പരാതി. |
| (ഡി) | കേസ്സിൽ അകപ്പെട്ടവരിൽ നിന്നും പോലീസ് പണം കൈപ്പറ്റിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ; | (ഇ) | മലപ്പുറം ക്രൈം ഡിറ്റാച്ച്മെന്റിൽ ജോലി ചെയ്തിരുന്ന എ.എസ്.ഐ. മോഹനൻ, പത്മനാഭൻ എന്നിവരെ ഈ വിഷയവുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (എഫ്) ഈ കേസ്സിൽ അകപ്പെട്ടവരിൽ നിന്നും വിശദമായ മൊഴിയെടുത്ത് നീതി നടപ്പിലാക്കുന്നതിന് ഫലപ്രദമായ അന്വേഷണത്തിന് ഉത്തരവിടുമോ ? | (എഫ്) ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ